മർക്കോ. 9:2-13

**ഏലിയ ഒന്നാം ഞായർ**



**2024 ആഗസ്റ്റ് 25**

**ഫാ. മെൽബിൻ മുളവരിക്കൽ**

വചനസന്ദേശം

# ഈശോയുടെ രൂപാന്തരീഭാവം

ഈശോയുടെ രൂപാന്തരീകരണം, അവന്റെ മഹത്വീകരണത്തിന്റെയും, അതിന്റെ സൂചന തന്റെ ശിഷ്യന്മാരിൽ മൂന്നു പേർക്ക് നല്കുന്നതിന്റെയും മനോഹരമായ ചിത്രീകരണമാണ്. മലമുകളിലെ ഈ സംഭവങ്ങൾ ഈശോ തന്നെത്തന്നെ വെളിപ്പെടുത്താൻ ഉപയോഗപ്പെടുത്തുന്നതായി നാം കാണുന്നു. ഉയർന്ന മല, ദൈവസാന്നിധ്യത്തെ അനുസ്മരിപ്പിക്കുന്നുണ്ട്. ദൈവസാന്നിധ്യത്തിൽ ആയിരുന്ന് ശിഷ്യന്മാർ ഈശോയുടെ രൂപാന്തരീകരണവും അവിടെ ഏലിയയുടെയും മോശയുടെയും സാന്നിധ്യം അറിയുകയും ചെയ്യുന്നു. അതുകൊണ്ടാണ് പത്രോസ് ഈശോയോട് അവിടെയായിരിക്കുന്നത് നല്ലതാണെന്നും മൂന്നു കൂടാരങ്ങൾ നിർമ്മിക്കാമെന്നും പറയുന്നത്. എന്നാൽ സുവിശേഷത്തിൽ നാം കാണുന്നു അവൻ അവരെയും കൂട്ടി താഴെയിറങ്ങുന്നു എന്ന്. ഈശോയുടെ മഹത്വീകരണം കണ്ടവർ, ദൈവിക അനുഭൂതിയിൽ മലമുകളിൽ കഴിഞ്ഞവർ, അവർ ആഗ്രഹിച്ചത് അവിടെതന്നെ കൂടാരങ്ങൾ ഒരുക്കാനാണ്. എന്നാൽ ഈശോ അവരെ നയിച്ചത് മറ്റു വിധത്തിലാണ്. വലിയ ദൈവാനുഭവം ലഭിച്ച അവരെ ചേർത്തുപിടിച്ച് അവൻ താഴെ ജനങ്ങളിലേക്ക് ഇറങ്ങുന്നു. ദൈവാനുഭവമുണ്ടായവരോട് ആ ദൈവാനുഭവവുമായി ജനങ്ങളുടെ ഇടയിൽ കൂടാരമടിക്കാനാണ് അവൻ ആവശ്യപ്പെടുന്നത്.

പത്രോസിനും യാക്കോബിനും യോഹന്നാനും ലഭിച്ച ഒരനുഗ്രഹം അല്ലെങ്കിൽ പ്രത്യേക അവസരമായിരുന്നു ഈശോയോടൊപ്പം മലയിൽ ആയിരിക്കാനും അവന്റെ രൂപാന്തരീകരണത്തിന് സാക്ഷ്യം വഹിക്കാനുമുള്ള ഭാഗ്യം. അവർ മൂന്നു പേരും അവർക്ക് ലഭിച്ച ഈ ഭാഗ്യത്തെ, തങ്ങളുടെ ജീവിതം കൊണ്ട് പ്രഘോഷിക്കണമെന്ന് ഈശോ ആഗ്രഹിച്ചു. ഈശോയും അവന്റെ പരസ്യജീവിതത്തിൽ പിതാവിനോടു കൂടെയുള്ള നിമിഷങ്ങളെ വലിയ അനുഭവത്തിന്റെ നിമിഷങ്ങളായി മാറ്റിയിരുന്നു. അവിടെ നിന്നിറങ്ങി ജനത്തോടു കൂടെ ആയിരുന്നപ്പോൾ തന്റെ 'അബ്ബാ' അനുഭവം അവൻ പങ്കുവച്ചു. തന്റെ ശിഷ്യന്മാരും ഈ വിധത്തിൽ വളരണമെന്ന് അവൻ ആഗ്രഹിച്ചു. അതിന് അവരെ ഒരുക്കി.

നമ്മുടെ അനുദിനജീവിതത്തിൽ ഈശോ നമ്മെയും മാടിവിളിക്കുന്നുണ്ട്. അവന്റെ മലമുകളിലേക്ക്. ആൾക്കൂട്ടവും, ആരവങ്ങളുമില്ലാതെ പിതാവിനോടൊപ്പം ആയിരിക്കുന്ന രൂപാന്തരീകരണത്തിന്റെ നിമിഷങ്ങൾ സ്വന്തമാക്കാൻ. അതും സ്വന്തമാക്കി പ്രാർത്ഥനാഗിരിയിൽ നിന്നിറങ്ങുമ്പോൾ നമുക്കും ഉണ്ടാകും ഒരു 'അബ്ബാ' അനുഭവം പങ്കുവയ്ക്കാൻ. അതുമായി നമ്മുടെ ജീവിത സാഹചര്യങ്ങളിലേക്ക് ഇറങ്ങുമ്പോൾ, നാമ്മോരോരുത്തരം പത്രോസിനെപ്പോലെ,

യാക്കോബിനെപ്പോലെ, യോഹന്നാനെപ്പോലെയാണ് ഇറങ്ങുന്നത് എന്ന് മറക്കാതിരിക്കാം.

ഈശോയുടെ രൂപാന്തരീകരണത്തെ ആത്മാർത്ഥമായി ധ്യാനിക്കുന്നവർ, അവരുടെ ജീവിതത്തിലെ പ്രതിസന്ധികളിലും വലിയ തീരുമാനങ്ങളുടെ മുമ്പിലും ഈ പ്രാർത്ഥനാമല നടന്ന് കയറും. അവിടെ അവരെ കാത്തിരിക്കുന്ന ദൈവിക അനുഭവം സ്വന്തമാക്കിയാകും അവരുടെ തിരിച്ചിറക്കം. അത് അവരെ ധൈര്യപ്പെടുത്തും. എപ്പോഴെല്ലാം നമ്മുടെ ജീവിതം സങ്കടത്തിന്റെ നിരാശയുടെ പാപത്തിന്റെ കറകളാൽ മലിനമാക്കപ്പെടുന്നുവോ, അപ്പോഴെല്ലാം നടന്നു കയറാം ഈ പ്രാർത്ഥനാമല. അവിടെ ചെന്ന് "അബ്ബാ" അനുഭവം സ്വന്തമാക്കാം. ജീവിതത്തിലെ കറകളെല്ലാം കളഞ്ഞ് വെൺമയുള്ളതാക്കി മാറ്റാം. ആ വെണ്മനിറഞ്ഞ ജീവിതവുമായി താഴെ നമ്മെ കാത്തിരിക്കുന്ന കുടുംബത്തിലേക്ക് ജോലി മേഖലയിലേക്ക്, ഇറങ്ങി ചെല്ലാം. ✦